നഴ്സുമാരുടെ എമിഗ്രേഷൻ സംബന്ധിച്ച്

143 (1969) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കാത്തതുമൂലം കേരളത്തിൽ ആയിരക്കണക്കിന് നഴ്സുമാർ ദുരിതം അനുഭവിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസ് നൽകാതിരിക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാരിൽ പ്രസ്തുത പ്രശ്നം, ഉന്നയിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ-സി) 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനത്തിന് 31-5-2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കി കൊണ്ടും കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd.) ചെന്നൈ എന്നിവർ മുഖാന്തരം മാത്രമെ റിക്രൂട്ട്മെന്റ് അനുവദിക്കുകയുള്ളുവെന്ന് നിഷ്കർഷിച്ചും 12-3-2015-ലെ F.No. 0111012/10/2013-EP പ്രകാരം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് മുൻപായി വിദേശ നിയമത്തിനുള്ള സെലക്ഷൻ നടപടികൾ പൂർത്തീകരിച്ച നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിബന്ധയിൽ ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തീയതിയായ 12-3-2015-ന് മുമ്പ് ഇന്റർവ്യൂ/ഓഫർലെറ്റർ ലഭിച്ചവർക്ക് എമിഗ്രേഷൻ നിബന്ധനയിൽനിന്ന് ഇളവ് നൽകിയിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ഉത്തരവ് പ്രകാരം നോർക്ക-റൂട്ട്സ് നഴ്സിംഗ് റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. വിദേശ നിയമനം സംബന്ധിച്ച കാര്യങ്ങളുടെ ക്രമീകരണത്തിനായി കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ-മൈഗ്രേറ്റ് (e-Migrate) എന്ന ഓൺലൈൻ സംവിധാനത്തിലൂടെ നിലവിൽ 600-ഓളം ഡിമാന്റുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 88 പേർക്ക് ഇതിനകം എമിഗ്രേഷൻ ക്ലിയറൻസ് നൽകുകയും അവർ വിദേശ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 500-ൽ അധികം ഒഴിവുകളിലേക്കുള്ള റിക്രൂട്ട്മെന്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ സാങ്കേതികപ്രശ്നങ്ങളും പ്രസ്തുത സംവിധാനത്തിലെ നടപടിക്രമങ്ങളും ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇ-മൈഗ്രേറ്റ് സംവിധാനത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിനുമായി പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് അദ്ധ്യക്ഷനായി കേന്ദ്രസർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അംഗമാണ്. ഇതിനുപുറമേ കുവൈറ്റ്, സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിലെ ആരോഗ്യമന്ത്രാലയത്തിന് കീഴിലെ ഇന്ത്യൻ നേഴ്സുമാരുടെ നിയമനം സർക്കാർ ഏജൻസികൾ വഴിയാക്കുന്നതിന് നോർക്ക മുൻകൈയെടുത്ത് കേന്ദ്ര സർക്കാർ മുഖേന ചർച്ചകൾ പുരോഗമിച്ച് വരികയാണ്. ഇതുവഴി ഈ രാജ്യങ്ങളിലേക്കുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സുതാര്യമായും ചൂഷണരഹിതമായും നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വരട്ടാറിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് നടപടി

144 (1970) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ ഒഴുക്ക് സാദ്ധ്യമാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ഏതെല്ലാമിനത്തിൽ വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഉള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) വരട്ടാറിന്റെ നീരൊഴുക്ക് സാദ്ധ്യമാക്കുന്നതിന് അനുബന്ധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു സംയുക്ത ആലോചനാ യോഗം വിളിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ആലോചനയോഗം സമയബന്ധിതമായി വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വരട്ടാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് മുഖാന്തരം ഒരു തുകയും ചെലവഴിച്ചിട്ടില്ല.

(ബി&സി) ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ആലോചനായോഗം ഏറ്റവും വേഗം വിളിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly